# ലിറ്റിൽ കൈറ്റ്സ്

## ഗവ: ഹയർസെക്കന്ററി സ്കൂൾ ചിറ്റാരിപ്പറമ്പ്

# PIXEL



DIGITAL CREATION

ലിറ്റിൽ കൈറ്റ്സ് ഗവഃ ഹയർസെക്കന്ററി സ്കൂൾ ചിറ്റാരിപ്പറമ്പ്

# പിക്സൽസ്

മാഗസിൻ-



## ആശംസ

ചിറ്റാരിപ്പറമ്പ ഗവ. എച്ച് . എസ് . എസ്. ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിനിൽ പ്രസിദ്ധീകരിക്കുന്നത് കുട്ടികളുടെ വിവിധ കഴിവുകൾ പ്രകടിപ്പിക്കാനും പരിപോഷിപ്പിക്കാനും നല്ലൊരു അവസരമായി കാണുന്നു.കൊച്ചുകൂട്ടുകാർക്ക് എല്ലാ വിധ ആശംസകളും നേരുന്നു.

അഷറഫ്.ടി
പ്രിൻസിപ്പാൾ
ജി.എച്ച്.എസ്സ്.എസ്സ് ചിറ്റാരിപ്പറമ്പ

ചിറ്റാരിപ്പറമ്പ
30/12/019



<u>ആശംസ</u>

പുത്തൻസാങ്കേതിക വിദ്യയുടെ വിശാലമായ ആകാശങ്ങളിലേക്ക് കുട്ടികളെ എത്തിക്കുന്ന "കൈറ്റി"ന്റെ കുരുന്നുകളായ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ ഇതിനകം ജനശ്രദ്ധയിൽ എത്തിയിട്ടുണ്ട്. ലിറ്റിൽ കൈറ്റ്സ് ചിറ്റാരിപ്പറമ്പ് യൂനിറ്റിന്റെ പ്രവർത്തനങ്ങളും സ്ലാഘനീയമാണ് പുതിയ സംരംഭമായ 'പിക്സൽസ്" എന്ന മാസികയിലൂടെ സ്ക്കൂളിന്റെയും കുട്ടികളുടെയും സർഗാത്മകപ്രവർത്തനങ്ങൾ പ്രതിഫലിക്കട്ടെ.......

ആശംസകളോടെ

ഷീല എൻ പി സി
പ്രധാന അധ്യാപിക
ജി.എച്ച്.എസ്.എസ് ചിറ്റാരിപ്പറമ്പ

ചിറ്റാരിപറമ്പ്
29/1/2019



<u>ആശംസ</u>

ചിറ്റാരിപ്പറമ്പ് ഗവ. ഹയർ സെക്കൻഡറി സ്ക്കുൾ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ പിക്സൽസ് എന്ന പേരിൽ ഒരു ഡിജിറ്റൽ മാസിക തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷം. ക്രൂട്ടുകാരുടെ കഴിവുകളെ തൊട്ടുണർത്താൻ കഴിയട്ടെ എന്ന് ആത്മാർഥമായി ആഗ്രഹിക്കുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സിന്റെ കുട്ടികളെ അഭിനന്ദിച്ചുകൊണ്ട് സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

ആശംസകളോടെ


കാർത്തിക കൊമ്മേരി
സീനിയർ അസിസ്റ്റന്റ്
ജി.എച്ച്.എസ്സ്.എസ്സ്
ചിറ്റാരിപ്പറമ്പ


ചിറ്റാരിപ്പറമ്പ
30/1/2019



ആശംസ

ചിറ്റാരിപ്പറമ്പ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പുതിയ സംരംഭമായ പിക്സൽ ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു. സ്കൂളിന്റെ സർഗാത്മക പ്രവർത്തനങ്ങൾ പൊതുസമൂഹത്തിലേക്കെത്തട്ടെ. അണിയറയിൽ പ്രവർത്തിച്ചവർക്ക് അഭിനന്ദനങ്ങൾ.

പി.ടി.എ പ്രസിഡന്റ്
വി. ബാലൻ

ചിറ്റാരിപ്പറമ്പ
31/1/2019



<u>ആശംസ</u>

ലിറ്റിൽ കൈറ്റ്സ് ചിറ്റാരിപ്പറമ്പ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ പിക്സൽസ് എന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ..........

എന്ന്

കെ . വി ധർമ്മരാജൻ
എസ്.എം.സി. ചെയർമ്മാൻ

ചിറ്റാരിപ്പറമ്പ്
1/2/2019



# WISHES

It gives me great pleasure to write a few words of felicitation to “Pixels” digital magazine brought out by Little kites G H S S Chittariparamba. I convey my sincere felicitation to the members of the Little kites for its efforts in shaping the young minds and developing them to blossom as a responsible citizen. I wish all the Success To all those who are behind this.

Sandhya.K
G H S S Chittariparamba

Chittariparamba
30/1/2019

# പിക്സൽസ്

പിക്സൽസ്. ഞങ്ങൾ ഒരുക്കിയ ഡിജിറ്റൽ മാഗസിൻ. ലിറ്റിൽ കൈറ്റ്സ് എന്ന സംരംഭത്തിന്റെ പ്രോത്സാഹനത്തോടെ ഇത്തരം ഒരു മാഗസിൻ നിർമ്മിച്ചതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. നമ്മുടെ വിദ്യാലയത്തിലെ കുട്ടിക്കുരുന്നുകളുടെ ചെറുകവിതകളും കഥകളും  വരകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
നാം ഉള്ളിൽ പേറുന്ന ചിന്തകൾ വാക്കുകളിലൂടെയും കർമ്മങ്ങളിലൂടെയും യാഥാർത്ഥ്യമാകുമ്പോൾ അത് സമൂഹത്തിൽ വിപ്ലവങ്ങൾ തന്നെ സൃഷ്ടിക്കുന്നു. അതാണ് ഞങ്ങളിലൂടെ സാധ്യമാകുന്നത്. മാറ്റങ്ങൾ അത് ഞങ്ങളിൽ നിന്നുതന്നെയാവട്ടെ. ലിറ്റിൽ കൈറ്റ്സിൽ അംഗമായിട്ടില്ലെങ്കിൽ ഞങ്ങളിൽ ഒരു പക്ഷെ ഇത്തരത്തിലുള്ള ഒരു ചിന്താഗതിയും ഉണ്ടാകുമായിരുന്നില്ല.നല്ല  മനസ്സിന്റെ ചിന്തകൾക്ക് ഉടമയാകുന്ന ലിറ്റിൽ കൈറ്റ്സ് പാഠ്യപദ്ധതിയെ ഒരിക്കലും മറക്കില്ല. ഇത്തരത്തിലുള്ള നിരവധി സേവനങ്ങൾ ചെയ്യാൻ സാധ്യമാകട്ടെ എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.ഇതിന് ഞങ്ങളെ സഹായിച്ച രമേശൻ.യു, രസ്ലേഹ്.ടി.കെ, രമേശ് .എ.കെ എന്നീ അധ്യാപകർക്കും ഇതിന്റെ അണിയറപ്രവർത്തകർക്കും സ്നേഹം നിറഞ്ഞ നന്ദി. പഠനങ്ങൾക്കിടയിൽ സമയമില്ലാതെ ചെയ്തതിനാൽ പൂർണ്ണമായും ശരിയായില്ല എന്നു ഞങ്ങൾക്കറിയാം. ഇതിൽ തെറ്റുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ക്ഷമിക്കുക. നിങ്ങൾ ഞങ്ങൾക്ക് തുടർന്നും പ്രോത്സാഹനം നൽകണം.
അണിയറപ്രവർത്തകർക്കുവേണ്ടി........

രാംജിത്ത്.പി.ർ
ചീഫ് എഡിറ്റർ

ചിറ്റാരിപ്പറമ്പ്
15/1/2019

# ഉള്ളടക്കം

1. ചരിത്രവീഥി - നാഴികക്കല്ലുകൾ...................................................................

2. കവിത - ഒറ്റമരത്തിലെ ഏകാകിയായ കിളി..........................................................

3. കവിത – കണ്ണീരായി മഴ...........................................................................

4. അനുഭവം - പ്രളയത്താൽ അലിയുന്ന കേരളം.........................................................

5. അനുഭവം - പ്രളയം, ഒരു പാഠപുസ്തകം...................................................................

6. ചിത്രത്താളുകൾ.....................................................................................

7. കഥ – ഒരു പെരുമഴക്കാലത്ത്.....................................................................

8. വര...............................................................................................

9. ഉപന്യാസം - സമൂഹവും സാമൂഹ്യമാധ്യമങ്ങളും.......................................................

10. കഥ – വൈകിയെത്തുന്നവർ.......................................................................

11. സഹായഹസ്തം - വിഷ്ണുവിനൊരു കൈത്താങ്ങ്.....................................................

മുഖ്യ പത്രാധിപർ - രാംജിത്ത് പി ആർ

പത്രാധിപസമിതി അംഗങ്ങൾ - ഷിവിൻ വൽസൻ
അമർദീപ് പി
അഭിഷിത്ത് കെ പി
കാർത്തിക് എം
അഭിനന്ദ് . വി

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ ഉൾപ്പെടുന്ന ചരിത്ര പ്രസിദ്ധമായ സ്ഥലമാണ് ചിറ്റാരിപ്പറമ്പ്. ബ്രിട്ടീഷ് മേൽക്കോയ്മക്കെതിരെ ആയുദ്ധമെടുത്ത കേരളവർമ്മ പഴശ്ശിരാജയുമായുള്ള ബന്ധത്താലാണ് ചീറ്റാരിപ്പറമ്പും സമീപ പ്രദേശങ്ങളും ചരിത്രത്തിൽ ഇടംനേടിയത്. ഇപ്പോൾ സംസ്ഥാന പുരാവസ്ഥു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിച്ചുവരുന്നതും ന്യൂറൽ ചിത്രങ്ങൾക്ക് പ്രശസ്തമായതുമായ തൊടീക്കളം ശിവക്ഷേത്രത്തിന്റെ സാമീപ്യം ഈ വിദ്യാലയത്തിന്റെ മഹത്തായ പൈതൃകത്തിന് മാറ്റുകൂട്ടുന്നു. ചിറ്റാരിപ്പറമ്പ് പഴമക്കാരുടെ ഓർമ്മയിൽ ചിറ്റൽ അരി (ഒരുതരം അരി ) വിളഞ്ഞിരുന്ന പറമ്പാണ്. കിഴക്ക് വയനാടൻ മല, വടക്ക് പുരളിമല, തെക്ക് ചെറുവാഞ്ചേരിക്കുന്ന്, ഇങ്ങനെ അതിരിട്ടു നിൽക്കുന്ന ഗ്രാമീണ വിശുദ്ധിയുള്ള നാട്ടിൻ പുറമായിരുന്നു ഇത്. തലശ്ശേരിയെ മാനന്തവാടിയുമായി ബന്ധിപ്പിക്കുന്ന സംസ്ഥാന പാത പുത്തൻ സംസ്കാരത്തെ ഈ പ്രദേശവുമായി ബന്ധപ്പെടുത്തി.

ഒരു നൂറ്റാണ്ടു മുമ്പ് തന്നെ ആധുനിക വിദ്യാഭ്യാസത്തിന് ബീജാവാപം നടന്നെങ്കിലും വിദ്യാഭ്യാസം സാമാന്യജനങ്ങളിലേക്ക് വ്യാപിച്ചില്ല. ഇവിടെ നിലനിന്ന ജന്മിത്തം കാർഷിക മേഖലയിലുണ്ടായ മുരടിപ്പ് ഇവ ആധുനിക വിദ്യാഭ്യാസം സാധാരണക്കാരിലേക്ക് ഇറങ്ങിച്ചെല്ലുന്നതിന് തടസ്സം സൃഷ്ടിച്ചു.

ഗ്രാമീണ നന്മകളാൽ സമൃദ്ധമായ ചിറ്റാരിപ്പറമ്പ് പ്രദേശത്തിന്റെ വിദ്യാഭ്യാസ ചരിത്രം ആരംഭിക്കുന്നത് കുടിപ്പള്ളിക്കൂടത്തിൽനിന്നാണ്. അങ്ങനെയുള്ള കുടിപ്പള്ളിക്കൂടങ്ങളിൽ ഒന്ന് വളർന്ന് വികസിച്ചാണ് 1930 – ൽ ചിറ്റാരിപ്പറമ്പ് മാപ്പിള എൽ.പി. സ്കൂൾ സ്ഥാപിതമായത്. അക്കാലത്ത് ആധുനിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി തിരിച്ചറിഞ്ഞ ശ്രീ. മമ്മുസീതിയെപ്പോലെയുള്ള അധ്യാപകർ ഈ സ്കൂളിന്റെ വളർച്ചയ്ക്കും വികാസത്തിനും നേതൃത്വം നൽകി. ഈ സ്കൂൾ പിന്നീട് 1935 – ൽ പുതുശ്ശേരി അച്യുതൻ മാസ്റ്റർമ സ്ഥാപിച്ച ജ്ഞാനപ്രകാശിനി എലിമെന്ററി സ്കൂളുമായി ചേർക്കപ്പെട്ടു. അങ്ങനെ 1959 – ൽ ചിറ്റാരിപ്പറമ്പിലെ ആദ്യത്തെ യു.പി. സ്കൂൾ രൂപം കൊണ്ടു. ചിറ്റാരിപ്പറമ്പിൽ രൂപീകരിക്കപ്പെട്ട എജ്യൂക്കേഷണൽ സൊസൈറ്റിക്ക് കൈമാറി. ആ കമ്മിറ്റിയുടെ ശ്രമഫലമായി 1966 – ൽ യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. 1973 – ൽ ഈ വിദ്യാലയം സർക്കാർ ഏറ്റെടുത്തു. എങ്കിലും ആ നിലയിൽ പ്രവർത്തനം തുടങ്ങിയത് 1978 മുതലാണ്. ഇരുപതുവർഷങ്ങൾക്കു ശേഷം ഈ വിദ്യാലയം 1998 – ൽ ഹയർ സെക്കൻഡറി സ്കൂളായി ഉയർത്തപ്പെട്ടു.

ഇപ്പോൾ 1 മുതൽ 12 ക്ലാസുകളിലായി ആയിരത്തി എഴുന്നൂറിലേറെ കുട്ടികൾ ഈ സ്കൂളിൽ അധ്യായനം നടത്തുന്നുണ്ട്.പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങളിലായി 63 അധ്യാപകരും 6 അനധ്യാപകരും സേവനമനുഷ്ഠിക്കുന്ന ഈ വിദ്യാലയത്തിന്റെ പ്രിൻസിപ്പാൾ ശ്രീ. ടി. അഷറഫും , പ്രധാനാധ്യാപക ശ്രീമതി.പി. ശീല

യും ആണ്.ജില്ലാ- സംസ്ഥാന- ദേശീയ ഹോക്കി - വോളിബോൾ താരങ്ങളെ സൃഷ്ടിച്ചകായികമികവും ജില്ലാ-സംസ്ഥാന കലാമേളകളിൽ വിജയികളെ സൃഷ്ടിച്ച കലാമികവും, ഈ സ്കൂളിന്റെ തിളക്കത്തിന് മാറ്റുകൂട്ടുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി എസ്.എസ്.എൽ.സി. ,ഹയർ സെക്കൻഡറി വിജയശതമാനം ക്രമാനുഗതമായി ഉയർത്തികൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. 2017-18 അധ്യായന വർഷത്തിൽ എസ്.എസ്.എൽ.സി ക്ക് 99%,+2 വിന് 98% എന്നിങ്ങനെയായിരുന്നു വിജയനില.

പി.ടി.എ. , എസ്.എം.സി. മറ്റ് അഭ്യുദയകാംക്ഷികൾ എന്നിവരുടെ പൂർണ്ണമായ സഹകരണത്തോടെ പാഠ്യ – പാഠ്യേതര വിഷയങ്ങളിൽ മികവ് പുലർത്താനും ഈ സ്കൂളിന് സാധിച്ചിട്ടുണ്ട്.

കവിത

# ഒറ്റമരത്തിലെ
# ഏകാകിയായ കിളി

ഇത്രയും കാലമായി ജീവിച്ചിരുന്നൊരു
ഏകാകിയായൊരു പക്ഷി നീ.........
ചില്ലകളാടുന്ന ക്കുറ്റൻ മരത്തിന്റെ
കൊമ്പിൽ ചേക്കെറിയ പക്ഷി
മാനത്തിൽ കാറ്റിന്റെ താളത്തിലാടുന്ന
ഏകാകിയായൊരു കിളിയാണ നീ......
എവിടെന്നും എന്തെന്നും
അറിയത്ത കിളി നീ.....
ഏകാകിയായൊരു കൊച്ചുപക്ഷി
ഒറ്റമരത്തിന്റെ ചില്ലകളിലേക്ക്
ചേക്കേറുന്നൊരു തെന്നൽ കിളി
കൊമ്പിൽ കേറുന്ന നിന്നിൽ നിന്നു
ഒരിളം തുവൽ ബാക്കിയായി .
നീ പറന്നുയരുമ്പോൾ നിന്നെ നോക്കി
അത്ചെറുപുഞ്ചിരിച്ചു .
മുറ്റത്ത് ഉലാത്തുമ്പോൾ എന്റെ മുന്നിൽ
പക്ഷിതൻ തുവൽ പറന്നു വീണു .
കാറ്റിന്റെ അലകളിൽ ആലോലമാടിയ
കാണാകിളിതൻ ചെറുതുവൽ .
താണുതാണങ്ങനെ പാറിവീണു മെല്ലെ
ഞാനതെടുത്തു തലോടി നിന്നു .
പുപുപ്പോൾ പൂവിളം
പട്ടുപോലുള്ളൊരു തുവലിൽ
തന്നെ ഞാൻ  നോക്കി നിന്നു
കാണാകിളിതൻ ചെറുതുവൽ.
ആ കിളി ആരാണെന്നറിയില്ല
അച്ഛനാരെന്നമ്മയാരെന്ന അറിയാത്ത
കിളിതതൻ മൃദുവ്യൂറും തുവൽ
ഏകാകിയായക്കിളി വരുംകാലം
ഒറ്റമരത്തിൽ തന്നെ

കിളിയുടെ ജീവിതം പോലെ-
യാണെന്റെതും ആ കൊച്ചു
കിളിയാണ ഞനം
അതിന്റെ സങ്കടം തന്നെയാണെന്റെതും
അതുപോലെയൊരുപക്ഷിയാണ ഞാനം
ഒറ്റമരത്തിലെ ചെറുകിളിയായത്
എന്നെയും നോക്കി ഇരിപ്പുണ്ടാവും
ഇത്രയും കാലമായി ജീവിച്ചിരുന്നൊരു
ഏകാകിയായൊരു പക്ഷി
ചില്ലകളാടുന്ന കുറ്റൻ മരത്തിന്റെ
കൊമ്പിൽ ചേക്കേറിയ പക്ഷി

by

കൃഷ്ണെക കെ

8 - C

കവിത

വിഷയം:പ്രളയ മഴ

# കണ്ണീരായി മഴ

ചിതറിതെറിച്ച പെയ്യുന്നിതാ
അരുമയാം മക്കൾ കരയുന്നിതാ
തണ്ണീർ തടങ്ങൾ  കവിയുന്നിതാ
ഉറങ്ങാത്ത നാളുകൾ എത്രയായി
നമ്മൾ വിറകൊണ്ടു നിൽകായാണേകനായി
പ്രാർത്ഥനയോടെ കണ്ണീരോടെ
നോക്കി നിൽക്കയാണു നമ്മൾ
നനഞ്ഞ  മണ്ണിൽ കാലു കുത്താൻ
എത്ര നാളാ ചുറ്റിലും വെള്ളമാണെന്നി
ട്ടു പോലും ദാഹജലമില്ല. പട്ടിണി
യായി  നിൽകുന്നു ഞങ്ങൾ
അറിയാം അമ്മേ  ഇതൊരു
ദുരന്തമല്ലാ ഒരു പാഠം പഠിപ്പിച്ചതാ
ണെന്ന്. ഒരുമിച്ച് കൈകൾ കോർ
ത്ത്  എതിരേകാം  നമുക്ക്.
എതിരേൽക്കാം  എതിരേൽക്കാം

By
നിവേദ്യ
6.A

അനുഭവം

വിഷയം:  അമ്മ   അവളെ നെഞ്ചോടടുക്കി വെള്ളത്തിലൂടെ  നടന്നു

# പ്രളയത്താൽ അലിയുന്ന കേരളം

തീ ജ്വാലിക്കുന്ന മഴയിൽ പൊത്തോന്ന് ഇടിവെട്ടിക്കൊണ്ടിരിന്നു. ഞാൻ വിളിച്ചു പറഞ്ഞു:"അമ്മമ്മെ എനിക്കു പേടിയാവുന്നു".''നീ പേടിക്കേണ്ട ഞാൻ നിനക്കു എന്റെ ചെറുപ്പകാലത്തിലെ ഒരു കഥ പറഞ്ഞുതരാം.അമ്മമ്മ എന്റെ കൈ കോർത്തു പിടിച്ചു ഉഴിവിച്ചു പിന്നെ ഒരു ചിരിയും ചിരിച്ചു കൊണ്ട് പറഞ്ഞു. പണ്ട് ഞങ്ങളൊക്കെ ജാതിയുടെയും മതത്തിന്റെയും പേരിൽ പല പ്രശ്നങ്ങളും ഉണ്ടായിരുന്നു.കൈകോർത്തുപിടിക്കാൻ പോകുന്ന കൈകൾ പിന്നെയും പിന്നെയും വേർതിരിച്ചുകൊണ്ടിരിക്കുന്നു അപ്പോഴൊക്കെ വലിയവർ ചെറിയർ ഹൊ എന്തൊക്കെ വിശ്വാസങ്ങൾ ഒന്നും പറയേണ്ട കുറച്ചു ദിവസങ്ങൾ കടന്നുപോയി.ആഗസ്റ്റ് 19 ന് രാത്രിനല്ലൊരി മഴ പെയ്തു. മഴയല്ലേ ഞങ്ങൾ സന്തോഷത്തോടെ തുള്ളിച്ചാടി.പക്ഷെ മഴ നിർത്തിയില്ല,കൂടിക്കൂടി വന്നു.വരാൻപോകുന്ന ഒരുപ്രശ്നത്തിനു ഞങ്ങൾ മുൻകരുതലെടുത്തില്ല പലരുടെയും നിലവിളി എങ്ങും ഉയർന്നു.ഞങ്ങളുടെ വീടിന്റെ താഴെ വെള്ളം ഉയറന്നവന്നു.മഴ തുടർന്നുകൊണ്ടിരുന്നു.ശരിക്കും പറഞ്ഞാൽ മഴ കരയുന്നു,പേർത്തു പേർത്തു എണ്ണിപ്പെറുക്കി കരയുന്നു.ഞങ്ങൾ നാട്ടുകാരേ വിളിച്ച് ഒരു യോഗം നടത്തി.പക്ഷെ ഇനിവരാൻ പോകുന്നത് വലിയൊരു കാര്യമാണെന്ന് ആരും അറിഞ്ഞില്ല.ഞങ്ങൾ വീടിന്റെ മുകളിലേക്കു ഓടി.അന്ന് അവിടെ കേട്ട ശബ്ദം ഞങ്ങൾ ഒരിക്കലും മറക്കില്ല. ആകാശത്തിൽ നിന്ന് പിന്നൊരു മാലാഖപോലെ വന്നു ഞങ്ങൾക്കു കാട്ടിതന്ന കൈകൾ ജാതിയേതാണൊ മതമേതാണൊ എന്നല്ല സ്വന്തം അമ്മയുടെ സ്നേഹത്തിന്റെ കൈകൾ എന്നുതന്നെ പറയാം ആ പട്ടാളക്കാർ ഞങ്ങളെ കൈകൾ പിടിച്ചു വിമാനത്തിലേക്ക് കയറ്റി ശരിക്കും പറഞ്ഞാൽ സുരക്ഷിതമായ ഒരു സ്ഥലത്തേക്ക് . പലരും ഭയപ്പെട്ടു പിൻമാറി എന്നാലും ഞങ്ങൾ പിൻമാറിയില്ല. പക്ഷെ ഞങ്ങൾക്ക് കുറച്ചു ആളോടു നന്ദി പറയാനുണ്ട് ഞങ്ങൾക്ക് ചോറും വെള്ളവും തന്ന ദുരിതാശ്വാസക്യാമ്പ് ,ഞങ്ങളെ സംരക്ഷിച്ച ദീരയോധാക്കൾക്കും തീരാത്ത നന്ദി. മുത്തശ്ശി കഥ നിർത്തി. എന്നാലും കുട്ടി സ്വപ്നത്തിന്റെ ലോകത്തിലേക്ക് കടന്നു. പക്ഷെ അവളുടെ കണ്ണീർ നിർത്തിയില്ല. സന്തോഷത്തിന്റെയും അറിവിന്റയും ഒരു പുലരിയിൽ അമ്മമ്മ അവളെ നെഞ്ചോടടുക്കി വെള്ളത്തിലൂടെ നടന്നു എന്നിട്ടു ചോദിച്ചു. എന്നിട്ടു മുത്തശ്ശി പറഞ്ഞു ഈ ഒരു കുഞ്ഞു വെള്ളമാണ് ഞങ്ങളെ വലിയ കേരളത്തെ ഇല്ലാതാക്കിയത് പക്ഷെ ഞങ്ങൾ അതിജീവിക്കും കാരണം ഇതു കേരളമാ......
ദൈവത്തിന്റെ സ്വന്തം നാട്

by
വിശ്വനന്ദ വയലേരി

അനുഭവം

# പ്രളയം , ഒരു പാഠപുസ്തകം

ഭൂമി സൂര്യനെപോലെ ചുട്ടുപൊള്ളുന്നു. പൊടി പടലങ്ങൾ ഭൂമിയെ ആഗോളം ചുംബിക്കുന്നു. ഭൂമിയിലെ നീരുറവകൾ സൂര്യൻ മോന്തിക്കുടിക്കുന്നു. അടുത്തുള്ള വീടുകളിലെ പലരുടെയും കിണറ്റിലെ വെള്ളം അസ്തമിച്ചുകഴിഞ്ഞു. ഒരു മഴക്കാറ് കാണാൻ ആകാശത്ത് കണ്ണുംനട്ട് ഞങ്ങൾ ഇരിക്കാൻ തുടങ്ങി. രണ്ടുമൂന്ന് ദിവസങ്ങളിൽ മേഘങ്ങൾ മുഖംവീർപ്പിച്ചിരുന്നെങ്കിലും പ്രതീക്ഷയ്ക്ക് വകയുണ്ടായിരുന്നില്ല. അങ്ങനെയിരിക്കെ ഒരു ദിവസം ഞങ്ങളുടെ പ്രാർഥന ഫലിച്ചു. സൂര്യനെ അന്ധകാരത്തിൽ പുതപ്പിച്ചുകൊണ്ട് കാർമേഘങ്ങൾ വിങ്ങിപ്പൊട്ടി. മഴക്കാലത്തിന് മുൻപേയുള്ള ഈ മഴ പതവാണെന്ന് ഉമ്മാമ്മ പറയുന്നുണ്ടായിരുന്നു. മഴയുടെ പെയ്ത്തിന് എന്റെ ഹൃദയം കൊതിച്ചു. മഴ എനിക്കെന്നും കുളിർമ്മ നൽകിയിരുന്നു. ശക്തമായ മഴ തുടർന്ന് കൊണ്ടിരുന്നു. ഒന്ന്, രണ്ട്,മൂന്ന്......ദിവസങ്ങളങ്ങനെ നീണ്ടു പോയി. ഒലിച്ചുപോയ പച്ചപ്പിന്റെ സൗന്ദര്യം വീണ്ടും എന്റെ നാട് നുകരാൻ തുടങ്ങി. കിണറുകൾ പാതി നിറഞ്ഞു. അരുവികൾ തോടായും തോടുകൾ പുഴയായും നിലകൊണ്ടു.

പത്രങ്ങളിൽ ഇന്നലെ വരെ വന്നിരുന്നത് വരൾച്ചയുടെ ചിത്രങ്ങളും വാർത്തകളുമായിരുന്നെങ്കിൽ അന്ന് മുതൽ പത്രക്കാർക്ക് പുതിയൊരു വിഷയം ലഭിച്ചതു പോലെയായി. മാധ്യമങ്ങൾ ഈ കാലങ്ങളിലെ ഏറ്റവും വലിയ മഴയെന്ന് മുദ്രകുത്തി. വീട്ടിലെ നാലുകോഴികൾ ചത്തുകഴിഞ്ഞിരിക്കുന്നു. ഫോണിലൂടെ ഉരുൾപ്പൊട്ടലിന്റെയും മരണമടഞ്ഞവരുടെയും ദൃശ്യങ്ങൾ മാറിമറിഞ്ഞുകൊണ്ടിരുന്നു. ഇത്രയും നാളും പ്രകൃതി ദുരന്തമൊക്കെ മറ്റുള്ളവർക്ക്, ഞങ്ങൾക്കിതൊന്നും ഏൽക്കില്ലാ എന്ന എന്റെ ഇത്തരത്തിലുള്ള വിചാരങ്ങൾ മാറിക്കൊണ്ടിരുന്നു. ഓരോ ദിവസം കഴിയുമ്പോഴും മരണം മുന്നിൽ ഉള്ളതുപോലെ തോന്നി. ഇനി ആകെ ചെയ്യാനുള്ളത് പ്രാർഥന മാത്രമാണ്. അല്ലെങ്കിലും ആപത്ത് ഘട്ടങ്ങളിൽ മാത്രം മിന്നി മറയുന്ന പേരാണ് "ദൈവം". അതിനുശേഷം ദീർഘനേര പ്രർഥന ഞാൻ ആരംഭിച്ചു. എന്റെ മുന്നിലുള്ള ഒരേയൊരു വഴി മാത്രമായിരുന്നു അത്. രണ്ട് മൂന്ന് ദിവസം സൂര്യൻ വന്നുപോയിതുടങ്ങിയതിനാൽ വെള്ളമിറങ്ങി ഒരുപാട് കാര്യങ്ങൾ ഞാൻ പഠിച്ചുകഴിഞ്ഞിരുന്നു. അന്ന് കേരളം ജാതി മതത്താൽ വേർതിരിഞ്ഞതായിരുന്നില്ല. മറിച്ച് , ഒറ്റക്കെട്ടായിരുന്നു.പ്രകൃതിയിൽഅതികപറ്റായിരുന്നത് അത് തന്നെ തുടച്ചുമാറ്റി. പ്രകൃതി അതിന്റെ ചെറിയൊരു തിരിച്ചടി മാത്രമാമ് നമ്മുക്ക് നൽകിയത്, ഒരു മുന്നറിയിപ്പ് മാത്രം.......

ലിറ്റിൽ കൈറ്റ്സ് ഗവഃ ഹയർസെക്കന്ററി സ്കൂൾ ചിറ്റാരിപ്പറമ്പ്

# പ്രതീക്ഷ

മുക്കറയിട്ടു കുതിച്ചു പായുന്ന
കാളക്കുറ്റനെപ്പോലെ
ആനവണ്ടി..
മുറുക്കിച്ചുവപ്പിച്ച്
മുറുക്കാന്റെ നിറമുള്ള
തടിച്ച കണ്ണുകളുമായി
വണ്ടിക്കാരൻ.
ആദ്യാവസാനങ്ങൾ
കയറിയതാരെന്നറിയില്ല
ഏകാന്തതയിലേക്ക്
അപ്രതീക്ഷിതമായെത്തി
മുല്ലപ്പൂമണം..
കമ്പികളിൽ പിടിമുറുകാത്ത
തേഞ്ഞ കയ്യുകൾ.
അമർന്നിരുന്നാൽ ഉടയുന്ന
കസവു ഞൊറികളെ
ഒതുക്കിപ്പിടിക്കുന്നു ചിലർ
പൂങ്കാറ്റും സിഗരറ്റുപുകയും
മുലപ്പാൽ ഗന്ധമുള്ള
കുഞ്ഞിൻ ചിണുങ്ങലും..
പെരുമഴ....
ഇരുളുവീണതും
വിളക്ക് തെളിഞ്ഞതും
ഒന്നിച്ചായിരുന്നു..
ഒരുപാട് നിശ്വാസങ്ങൾ ഒന്നിച്ച് കൂട്ടി
ഒറ്റ ശ്വാസമായി വണ്ടി പാഞ്ഞു
മുന്നോട്ടോടുന്ന വണ്ടിയിൽ
പിന്നോട്ടെറിയുന്ന ചോദ്യങ്ങൾ
എവിടേക്കു പോകുന്നു?

ലിറ്റിൽ കൈറ്റ്സ് ഗവ: ഹയർസെക്കന്ററി സ്കൂൾ ചിറ്റാരിപ്പറമ്പ്

യാഗ ഭൂമിയിൽ..

അറിഞ്ഞില്ലേ? ഉത്സവമാണ്.

പൊടുന്നനെ ഒറ്റമണിയൊച്ച

ഇറങ്ങണം

കുട തുറന്ന് പെരുമഴയത്തേക്ക്..

ഉത്സവത്തിനിയെന്ന് പോകും?

യാഗഭൂമി നനഞ്ഞു കുതിർന്നിരിക്കും..

മഴ മാറട്ടെ

വണ്ടികളിനിയും വരും.

ജ്യോത്സ്ന ടീച്ചർ

പ്രിഥ്വിരാജ്
10 C



കവിത






HELLO ENGLISH
DRAMA CAMP




SPC UNIT


KICKOFF
Selection Trials





# ഓർമ്മകൾ

പണ്ടുളെളാരൊർമകൾ
പുഞ്ചിരിതാളുകൾ
ഇടനെഞ്ചിലുണരുന്നു.
തുടിതാളമുയരുന്നു.
ആഘോഷവേളയാകുന്നു.
പഴയകാലത്തിന്റെ ഓർമ്മകൾ നാം
പഴയകാലത്തിന്റെരേഖകൾ നാം
ഓർമ്മകൾ ഓർക്കുന്ന പുസ്തകം നാം
കത്തുന്ന തീക്കനൽ
കത്തുന്ന ഓർമ്മകള
ദുരിതമാണെന്നും ഓർമകൾ
ദൈവത്തെ ഓർത്താലും
എത്ര വിളിച്ചാലും
ഓർമകൾ മറയുകില്ലല്ലോ
വർഷം കഴിഞ്ഞാലും
മാസം കഴിഞ്ഞാലും
ഓർമകൾ ഇടനെഞ്ചിൽ ദു:ഖമുയർത്തുന്ന
ഓർമകൾ ഓർമകൾ മാത്രം
നിറയുന്ന കണ്ണുകൾ ദുരിത-
മാണെന്നും എനിക്കൊർമകൾ

By
Krishnyka.K
8. C

സഹായഹസ്തം

# വിഷ്ണുവിനൊരു കൈത്താങ്ങ്......

സ്വാർത്ഥതയും അത്യാഗ്രഹവും നിറഞ്ഞ ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. കൊട്ടാരം കണക്കെയുള്ള വീടുകളാണെങ്കിലും നാം പാവപ്പെട്ടവരെ കാണുന്നില്ല . ഗ്രാമത്തിന്റെ മുഖചമരായ തന്നെ മറികൊണ്ടിരിക്കുന്ന ഇന്നത്തെ നഗരങ്ങൾ നാളത്തെ മഹാനഗരങ്ങളാണ്. ഗ്രാമങ്ങൾ നഗരങ്ങളും.വികസനത്തിന്റെ ഈ ഓട്ടത്തിനിടയിൽ നാം പല മൂല്യങ്ങളും മറക്കുന്നു. പണവും ആർഭാടകരമായ ജിവിതവും നമ്മെ അടിമയാക്കുന്നു.

സുരക്ഷിതമായ വാർപ്പ് വീടിനുള്ളിൽ നാം സരക്ഷിതമായി കഴിയുമ്പോൾ, നാലുഭാഗവും ഷീറ്റുമറച്ച് അതിനുള്ളിൽ കഴിയുകയാണ് ഞങ്ങളുടെ സഹപാഠി വിഷ്ണു . ഒരു വീട് എന്നത് അവരുടെ സ്വപ്നമാണ്. സുരക്ഷിതമായൊരു വീട്. അച്ഛനും അമ്മയും രണ്ടു പെൺമക്കളും ഉള്ളതാണ് വിഷ്ണുവിന്റെ കുടുംബം. പെൺകുട്ടികൾക്ക് തങ്ങളുടെതായ ആവശ്യമേറേയുണ്ട്. ആ കുടുംബം അന്നന്നുണ്ടാക്കുന്ന പണം അന്നന്നേക്ക് മാത്രം. അതിൽ നിന്നും ക്കുട്ടിവച്ച തുച്ഛമായ വരുമാനം കൊണ്ട് വേണം അവരുടെ സ്വപനങ്ങൾ നിറവേറ്റാൻ. എന്നാൽ ഈ കാലത്ത് പെൺകുട്ടികൾക്ക് ഏറെ സുരക്ഷയും കുട്ടികൾക്ക് പഠിക്കാൻ വലിയ സൗകര്യങ്ങൾ ആവശ്യമാണ് . ചെറിയ സൗകര്യങ്ങൾ പോലും വലുതായി കണ്ട് അവർ വിദ്യാഭ്യാസം നേടുകയാണ്. അവരുടെ വീടുനിർമ്മാണത്തിൽ പങ്കെടുത്ത് സന്നദ്ധസഹായം ചെയ്യാനാണ് ഞങ്ങളുടെ തീരുമാനം. വിഷ്ണുവിന്റെ വീടിനായി ഓടുകൊടുക്കാനാണ് ഞങ്ങൾ തീരുമാനിച്ചത്. അങ്ങനെ ഒരു ദിവസം ഓടുകഴുകി. എസ്. പി. സി ആണ് അത് ചെയ്തത്. എല്ലാവരും ഒരുമിച്ചപ്പോൾ അത് പെട്ടെന്നുതന്നെ കഴിഞ്ഞു. ശേഷം ആ ഓട് പെയിന്റ് അടിക്കുക എന്നതാണ് ദൗത്യം. കുറച്ച് കേഡറ്റസ് പലദിവസങ്ങളിലായി അത് ചെയ്തു. പിന്നീട് ഒരു ദിവസം വിഷ്ണുവിന്റെ വീട്ടിലേക്ക് ഒടുകൊണ്ടുപോയി. ഏകദേശം *20* കേഡറ്റ്സ് പങ്കെടുത്തു. *1650*-ഓളം ഒടുകളുണ്ട്. സ്കൂളിൽ കഴുകി ഒതുക്കി വച്ചിരിക്കുന്ന ഓടുകളല്ലാം, അതുകൊണ്ടുപോവാനായി വന്ന ലോറിയിൽ കയറ്റിവച്ചു. ശേഷം ഞങ്ങൾ ജീപ്പിൽ വിഷ്ണുവിന്റെ വീട്ടിൽ പോയി. അവുടത്തെ അവസ്ഥ എല്ലാവരെയും വേദനിപ്പിച്ചിട്ടുണ്ട് . അവിടെ ചെന്നിട്ട് സജിന ടീച്ചറും ബാലൻ മാഷും കൂടി ഒടിറക്കിവച്ചു . എല്ലാവരും ഒത്തൊരുമിച്ചപ്പോൾ പെട്ടെന്നുതന്നെ കഴിഞ്ഞു. അഞ്ചുമണിയോടെ അവിടുന്ന് ഞങ്ങൾ തിരിച്ച് സ്കൂളിലെത്തി. വിഷ്ണു ഇനി എത്രയും പെട്ടന്ന് ആ നല്ല വീട്ടിലേക്ക് മാറാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അതിനായി എന്ത് സഹായവും ഞങ്ങൾ ചെയ്യും. അതിനുള്ളമനസ്സ് ഞങ്ങൾക്കുണ്ട്. മനസ്സ് ആശയങ്ങളുടെയും അറിവിന്റെയും അക്ഷയഖനിയാണ്. ലേകത്തിൽ നടക്കുന്ന ഏതൊരു സംഭവവികാസങ്ങളുടേയും സ്രോതസ്സ് മനസ്സാണ്. അതിന്റെ ആശയം പിന്നീട് യാദാർത്ഥ്യത്തിലേക്ക് കൊണ്ടുവരിക മാത്രമാണ് ചെയ്യുന്നത്. അപാരചിന്താശക്തിയുള്ളവരാണ് മനുഷ്യർ. ആ ചിന്തകൾ നേരായ വഴിയ്ക്ക് കൊണ്ടുപോവുകയാണ് നാം ചെയ്യേണ്ടത്.

ലിറ്റിൽ കൈറ്റ്സ് ഗവഃ ഹയർസെക്കന്ററി സ്കൂൾ ചിറ്റാരിപ്പറമ്പ്



ലിറ്റിൽ കൈറ്റ്സ് ഗവഃ ഹയർസെക്കന്ററി സ്കൂൾ ചിറ്റാരിപ്പറമ്പ്

കഥ

# ഒരു പെരുമഴക്കാലത്ത്

ഒരു പെരുമഴക്കാലത്ത് ഒരു കുട്ടി വിറകെടുക്കാൻ കാട്ടിൽ പോയതായിരുന്നു. ആ കുട്ടി വിറകെടുക്കാൻ കാട്ടിൽ പോകുമ്പോൾ മഴ ഉണ്ടായിരുന്നില്ല. അവൻ കാട്ടിലെത്തി വിറകെല്ലാം ശേഖരിക്കുമ്പോൾ അവൻ ഒറ്റയ്ക്കായിരുന്നു. പിന്നെ അവൻ വിറകെല്ലാം ശേഖരിക്കുമ്പോൾ ഒരു ശബ്ദം കേട്ടു. ആ ശബ്ദം അവനെ പേടിപ്പെടുത്തി. അവൻ മെല്ലെ മെല്ലെ ഒരു  കള്ളനെപ്പോലെ അവൻ അതിന്റെ അടുക്കിൽ ചെന്നു. നോക്കുമ്പോൾ അവനെപ്പോലെതന്നെ കാട്ടിൽ നിന്ന് വിറക് ശേഖരിക്കാൻ വന്ന പെൺകുട്ടിയായിരുന്നു അത്. അവൾ കരയുകയായിരുന്നു. അവൻ അവളുടെ അടുക്കൽ ചെന്ന് ഒന്നു തൊട്ടുവിളിച്ചു. ഏയ് നീ എന്താ ഇങ്ങനെ കരയുന്നത്. അവൾ മടിച്ചുനിൽക്കാതെ പറഞ്ഞു,നീ വിഷമിക്കേണ്ട. ഞാൻ വിറകെടുക്കാൻ വന്നതാണ് പക്ഷേ എനിക്ക് വന്ന വഴി അറിയില്ല. അപ്പോൾ അവൻ പറഞ്ഞു നീ വിഷമിക്കേണ്ട ഞാൻ നിന്നെ നിന്റെ വീട്ടിൽ എത്തിക്കാം. ചേട്ടന് വഴി അറിയാമോ ? എനിക്കറിയാം സഹോദരീ.
അവൻ അപ്പോഴേക്കും വിറകെല്ലാം എടുത്തുകഴിഞ്ഞിരുന്നു. അവൻ അവളേയും കൂട്ടി നടന്നു. അവൾ ചോദിച്ചു ചേട്ടന് എങ്ങനെയാണ് ഈ വഴി അറിയുന്നത് അപ്പോൾ അവൻ പറയാൻ തുടങ്ങുമ്പോഴേക്ക് മഴ പെയ്തു.അവർ രണ്ടു പേരും ഒരു ആൾ താമസമില്ലാത്ത ഒരു പഴയ ഇപ്പോൾ വീഴും എന്ന മട്ടിലുള്ള ഒരു കുടലിലേക്ക് കയറി. കുറച്ച് കഴിഞ്ഞപ്പോൾ മഴയെല്ലാം കുറഞ്ഞു. അവർ വീണ്ടും യാത്രയായി. അപ്പോൾ ആൺകുട്ടി ചോദിച്ചു നീ നേരത്തെ ചോദിച്ച ആ ചോദ്യത്തിന് ഉത്തരം വേണ്ടേ ? പെൺകുട്ടി പറഞ്ഞുവേണം ആൺകുട്ടി പറഞ്ഞു അതൊക്കെ കഥയാണ് . പണ്ട് എന്റെ അമ്മയും ഞാനു എന്റെ അനുജത്തിയും വിറകെടുക്കാൻ പോയിരുന്നു. അപ്പോൾ കാട് എത്താനാകുമ്പോൾ അമ്മ പറഞ്ഞു നമ്മൾ എപ്പോഴും എന്തിനു പോകുമ്പോൾ കാട്ടിനുള്ളിൽ പല വഴികളുമുണ്ടാവാം. അത് നമ്മെ ചിലപ്പോൾ വഴിതെറ്റിക്കും അതിന് ഒരു സൂത്രമുണ്ട്. നമ്മൾ പോകുന്ന വഴിയിൽ കുറച്ച് വെള്ളാരം കല്ലുകൾ ഇട്ടുകൊടുത്താൽ മതി എന്ന്. ഇതാണ് നീ ചോദിച്ചതിന്റെ ഉത്തരം സഹോദരീ. പക്ഷെ ഒരു സങ്കടമുണ്ട്. എന്റെ അമ്മ ഇപ്പോൾ ഇല്ല. അയ്യോ സാരമില്ല ചേട്ടാ, മ് പക്ഷെ എനിക്ക് സഹിക്കാൻ പറ്റാത്തത് ഇതാണ് എന്റെ രണ്ടാനമ്മയുടെ ചൂഷണം എന്റെ അച്ഛൻ പട്ടണത്തിൽ സാധനങ്ങൾ വിൽക്കാൻ പോകുമ്പോൾ എന്നെയും എന്റെ അനുജത്തിയെയും നോക്കി കൊള്ളണം എന്ന് പറയും പക്ഷെ നോക്കുന്നത് പട്ടിണിക്കിട്ടും പണിയെടുപ്പിച്ചും ആണെന്നു മാത്രം എന്റെ അനുജത്തിയേയും പണിയെടുപ്പിക്കുന്നു അത് എനിക്ക് സഹായിക്കാൻ കഴിയില്ല ഞാനും എന്റെ അനുജത്തിയും ഒറ്റയ്ക്കാണ് നമ്മുടെ അമ്മയെ ഓർത്ത് നമ്മൾ എപ്പോഴും കരയും അത് അച്ഛനോട് പറഞ്ഞാൽ എന്നെയും എന്റെ അനുജത്തിയേയും കൊന്നു കളയും എന്ന് പറഞ്ഞ് രണ്ടാനമ്മ ഭീഷണിപ്പെടുത്തി അങ്ങനെ അവർ കാട്ടിലൂടെ യാത്രയായി ഇതൊക്കെ പറയുമ്പോൾ അവന്റെ കണ്ണിൽ നിന്നും ഉറ്റിയ കണ്ണുനീർത്തുള്ളി നീ

കാണുന്നുണ്ടോ ഈശ്വരാ.......

by
അനാമിക.കെ
8 D




By
Ananika.K
8.D
Roll-3.





ഉപന്യാസം

വിഷയം:സമൂഹവും സാമൂഹ്യമാധ്യമങ്ങളും

നവമാധ്യമങ്ങളാലും പത്രമാധ്യമങ്ങളാലും സുലഭമായ ആധുനികയുഗത്തിലാണ് നാമിന്ന് ജീവിക്കുന്നത്. മാധ്യമങ്ങൾക്കുപുറമെ
ആധുനിക സാങ്കേതികവിദ്യയും കണ്ടുപിടിത്തങ്ങളും നിറഞ്ഞ പുതിയ ഒരു ലോകത്തിലാണ് നാം ഓരോരുത്തരും പുലരുന്നത്. മനുഷ്യന്റെ ചിന്തകൾ മാറുന്നതിനൊപ്പം സമൂഹവും മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ് . സാമൂഹികജ്ഞീവിയായ മനുഷ്യൻ നടത്തുന്ന ഓരോ ചുവടുവെപ്പും സമൂഹത്തെയും മാറ്റിമറിക്കുന്നു. ഓരോ ചുവടുവെപ്പും സമൂഹത്തെയും മാറ്റിമറിക്കുന്നു

ഗ്രാമങ്ങൾ പലതും വൻ പട്ടണങ്ങളായിമാറികൊണ്ടിരിക്കുകയാണ്. വൻനഗരങ്ങളും നമുക്ക്ചുറ്റും വളർന്നു പൊങ്ങുന്നു. ഫ്ളാറ്റുകളും ബഹുനില കെട്ടിടങ്ങളും നമുക്കുമുന്നിൽ നീണ്ടനിര തീർക്കുമ്പോൾ മാധ്യമങ്ങളും ഉയർന്നു വരികയാണ്. പത്ര മാധ്യമങ്ങൾ മാത്രമാണ് ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് നാം ജീവിക്കുന്ന കംപ്യൂട്ടർ യുഗത്തിൽ നവ മാധ്യമങ്ങളുടെ ഒരു നിര തന്നെയുണ്ട്. പരസ്പരം ആശയവിനിമയം നടത്താൻ കത്തുകളാണ് മനുഷ്യർ ആദ്യകാലങ്ങളിൽ ഉപയോഗിച്ചിരുന്നതെങ്കിൽ ഇന്ന് അത് ഇ-മെയിൽ ആയി മാറി. എത്ര ദൂരത്തോളം കാര്യങ്ങൾ ഇതുവഴി അനായാസം എത്തുന്നു. ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്ന വേഗത്തിലും കാര്യക്ഷമമായ ഒരു ആശയ വിനിമയ സമ്പ്രദായമാണ് ഇ-മെയിൽ.

ഇന്ന് സമൂഹത്തിൽ ഏറ്റവും മുമ്പിൽ നിൽക്കുന്ന നവ മാധ്യമങ്ങളിൽ ഒന്നാണ് ഫേസ്ബുക്ക് , വാട്ട്സപ്പ് , ട്വിറ്റർ മുതലായവ. ഇന്ന ലോകത്തിന്റെ ഏത് കോണിൽ ഉള്ളവരോടും തൽസമയം ആശയം പങ്കുവയ്ക്കാൻ ഇതു ഉതകുന്നു. ചിത്രങ്ങൾ കൈമാറാനും പരസ്പരം കണ്ട് സംസാരിക്കാനും ഇന്ന് നവ മാധ്യമങ്ങൾ വഴിയൊരുക്കുന്നു. കണ്ടുപിടിത്തങ്ങളുടെ മഹാലോകത്തിൽ ആണ് നാം ഇന്ന് ജീവിക്കുന്നത്. ഇന്ന് സമൂഹത്തിലെ ഭൂരിഭാഗം വീടുകളിലും ടെലവിഷൻ സുലഭമാണ്. ന്യൂസ്പേപ്പറുകൾക്കുപുറമെ ടെലവിഷനിലെ ഒരു കൂട്ടം ചാലനുകൾ വാർത്തകളുടെ ലോകം നമുക്ക് തീർക്കുകയാണ്. സമൂഹത്തിൽ സുലഭമായ വാർത്താമാധ്യമങ്ങളുടെ നിര തന്നെയുണ്ട്. ടെലവിഷനുകളിലൂടെ ഒരു സ്ഥലത്ത് സംഭവിക്കുന്ന എല്ലാകാര്യങ്ങളും നമ്മുടെ കൺ മുന്നിൽ നമുക്കിന്ന് കാണാം. അറിവധിഷ്ഠിതമേഖല സമൂഹത്തിൽ സാധ്യതകൾ ഒരുക്കുന്ന

ഒന്നാണ്. ഇന്ന് ഓരോ വീടുകളിലും മൊബൈൽഫോണുകളും കംപ്യൂട്ടറുകളും നിറഞ്ഞിരിക്കുകയാണ്. സമൂഹമാധ്യമങ്ങൾ നിറഞ്ഞിരിക്കുന്ന ലോകത്താണ് നാമിന്ന് ജീവിക്കുന്നത്.

സമൂഹത്തിൽ ഒട്ടേറെ ഗുണങ്ങൾ സമൂഹ്യ മാധ്യമങ്ങൾ നിർവഹിക്കുന്നുണ്ട്. പരസ്പരം ആശയവിനിമയം നടത്താൻ അവ ഇന്ന് സൗകര്യപ്രദമാണ്. എന്നാൽ അതിന് ദോഷകരമായ മറ്റൊരുവശംകൂടിയുണ്ട്. ഇന്ന് സമൂഹത്തിലെ പലപ്രശ്നങ്ങളും ഉടലെടുക്കുന്നത് ഇതിലൂടെയാണ്. മാധ്യമങ്ങളിലൂടെ സമൂഹം നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ ഒട്ടനവധിയാണ്. ഫേസ്ബുക്ക്, വാട്സപ്പ് മുതലായ നവ മാധ്യമങ്ങൾ ഇന്നത്തെ ചെറുപ്പക്കാരെ പലപ്രശ്നങ്ങളിലും പെടുത്തുന്നു. കൂടുതയി നവ മാധ്യമങ്ങൾ വിരൽചൂണ്ടുന്നത് ഇന്നത്തെ വിദ്യാർത്ഥികളെയാണ്.അതായത് പുതിയൊരു തലമുറയെതന്നെയാണ്. പല വിദ്യാർത്ഥികൾ ഇത്തരം മാധ്യമങ്ങളാൽ പ്രലോഭിക്കപ്പെട്ട് സമൂഹ്യദ്രോഹികളായി ഇന്ന് മാറി കഴിഞ്ഞു. ഇത്തരം മാധ്യമങ്ങളിലൂടെ ഉടലെടുക്കുന്ന പല കൂട്ടുകെട്ടുകളും അവസാനം ചതിക്കുഴികളിൽ ചെന്നുപെടുന്നു.

സമൂഹത്തിൽ വഴിതെറ്റി പോകുന്ന പുതുതലമുറയെ നേർവഴിക്കുനയിക്കാൻ നാം ബാധ്യസ്ഥരാണ്. നവ മാധ്യമങ്ങളിലൂടെ വഴിതെറ്റുന്ന പലരെയും നാം സമൂഹത്തിന്റെ മുൻപിൽ കൊണ്ടുവരണം. അധ്യാപകരും, മാതാപിതാക്കളും ഇതേ പറ്റി ബോധപൂർവ്വമാകേണ്ടത് അനിവാര്യമാണ്. ഇന്ന് വഴിതെറ്റിപ്പോകുന്ന പലരെയും നേർവഴിക്കു കൊണ്ടുവരാൻ അവർക്ക് കഴിയും. സമൂഹമാധ്യമങ്ങളുടെ കണ്ടുപിടുത്തം ഒട്ടേറെ ഗുണങ്ങൾ ഒരുക്കുന്നു. എന്നാൽ മനുഷ്യരുടെ തെറ്റായ രീതിയിലുള്ള ഉപയോഗപ്പെടുത്തലുകാണ് ഇത് ദോഷകരമാക്കുന്നത്. സമൂഹം ഇതേ പറ്റി ബോധപൂർവ്വരാവേണ്ടതുണ്ട്. നല്ല ഒരു നാളെയെ വാർത്തെടുക്കാൻ നാം ഇതേപ്പറ്റി ചിന്താശീലരാവേണ്ടതും ഏറെ അനിവാര്യമാണ്. ഇന്ന് മനുഷ്യരെ ചീത്തശീലരാക്കാൻ പല സാധ്യതകളും തുറന്നുനിൽക്കുകയാണ്. അതിന് ഇരകളാകുന്നത് ഇന്നത്തെ വിദ്യാർത്ഥി സമൂഹമാണ്. അറിവിന്റെയും, വിജ്ഞാനത്തിന്റെയും വാതിലുകൾ തുറന്ന് ഇന്ന് ലോകം നമ്മെ കാത്തിരിക്കുകയാണ്. നല്ലൊരു സമൂഹത്തെ സൃഷ്ടിച്ചെടുക്കാൻ നമുക്ക് കഴിയേണ്ടത് അനിവാര്യമാണ്.

by
ആർദ്ര.ജി

കഥ

# വൈകിയെത്തുന്നവർ

ലിറ്റിൽ കൈറ്റ്സ് ഗവ: ഹയർസെക്കന്ററി സ്കൂൾ ചിറ്റാരിപ്പറമ്പ്

ഇറയത്ത്  ചാരുകസേരയിൽ നോക്കി കണ്ണുനീർ ഒഴുക്കികൊണ്ടിരിക്കുകയായിരുന്നു കമല. ചുറ്റും മാനം നിരഞ്ഞിരിക്കുന്നു. അപ്പൂപ്പൻമാരും അമ്മൂമ്മമാരും മൂകരായിരുന്നു. അവർക്ക് കുശലം പറയാൻ ഒന്നുമില്ല. അവരുടെ മുഖത്ത് നിരാശ മാത്രം.പെട്ടന്ന് മുറ്റത്ത് ഒരു കാർ വന്നു നിന്നു. ഒരു കോട്ടിട്ട രൂപം അതിൽ നിന്ന് ഇറങ്ങിവന്നു. കണ്ണുനീർ തുടച്ചുകൊണ്ട് കമല എഴുന്നേറ്റു. ആ രൂപം എല്ലാവരിലും കണ്ണോടിച്ചു. "അമ്മയെവിടെ..... എന്റെയമ്മയെവിടെ "  പെട്ടന്ന് അവർ ആകാംക്ഷഭീതരായി. 'ആരാ' കമല ചോദിച്ചു 'ഞാൻ ജോണി ഇവിടെയുള്ള മറിയയുടെ മകൻ'. എല്ലാവരും എഴുന്നേറ്റ് നിന്നു. അവരുടെ കണ്ണുകളിൽ ആകാംക്ഷയും, ഭയവും, സങ്കടവും നിറഞ്ഞിരുന്നു. ഞാനെന്റെമ്മയെ കൊണ്ടു പോവാൻ വന്നതാണ് ' അയാൾ പറഞ്ഞു. "ഇത്രനാളും ഒന്ന് തിരിഞ്ഞുനോക്കിയില്ലല്ലോ.......ഇപ്പോഴെന്തു പറ്റി കമല ചോദിച്ചു.അത്....അത്..... അയാൾ  പതറിനിന്നു.പറയൂ കമല നിർബന്ധിച്ചു.എന്റെ അമ്മയെ ഡൽഹിയിലേക്ക് കൊണ്ടുപോവണം.കുറച്ചുദിവസത്തേക്ക് മാത്രം'........ എന്തെ ആർക്കെങ്കിലും കാഴ്ചവെക്കാനാണോ?.... അത്.... അല്ല എന്റെ വീട്ടിലെ വേലക്കാരി പിണങ്ങിപ്പോയി. കുറച്ചുദിവസത്തേക്ക്...... പുതിയ വേലക്കാരിയാവുന്നതുവരെ.ഭാര്യക്കും എനിക്കും ജോലിത്തിരക്കാണ്. മകളേയും, വീട്ടുകാര്യങ്ങളേയും നോക്കാൻകുറച്ചുദിവസത്തേക്ക്........
മതി! കമല കരയാൻ തുടങ്ങി.ഇന്നലെക്കൂടി കൊച്ചുമക്കളെ കാണണം എന്ന് പാവം പറഞ്ഞിരുന്നു.എന്നിട്ട് അമ്മയെവിടെ'.......പറമ്പിലുള്ള കുഴിമാടത്തിലേക്ക് നോക്കിക്കൊണ്ട് കമല പറഞ്ഞു.

'നിങ്ങൾ  വൈകിപ്പോയി'

*ശ്രീലക്ഷ്മി പി.വി*